# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂലൈ 24, ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
| --- |
| ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി |
| വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി |

## പലിശരഹിത ഹ്രസ്വകാല വായ്പ

*781 ശ്രീ. ബെന്നി ബെഹനാൻ
,, വി. ഡി. സതീശൻ
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ ഹ്രസ്വകാല വായ്പയ്ക്ക് പലിശ ഒഴിവാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) എന്നു മുതലാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>എൻഫോഴ്സ്മെന്റ് സ്ക്വാഡ്</u>

*782 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം താലൂക്കുകളിലാണ് ഗതാഗതവകുപ്പിൽ പുതുതായി എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശം നൽകാമോ ;

(ബി) പ്രസ്തുത സ്ക്വാഡുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ; വിശദാംശങ്ങൾ നൽകുമോ;

(സി) സ്ക്വാഡുകളുടെ പ്രവർത്തനം ഈ വർഷം ആരംഭിക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>കായംകുളം താപനിലയത്തിന്റെ വിപുലീകരണം</u>

*783 ശ്രീ. പി. കെ. ഗുരുദാസൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ സി. കെ. സദാശിവൻ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം താപനിലയത്തിന്റെ വിപുലീകരണ നടപടികളുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്;

(ബി) ഇതിന്റെ ഭാഗമായ കൊച്ചിയിൽ നിന്നും കായംകുളത്തേയ്ക്കുളള വാതക പൈപ്പ് ലൈനിന്റെ നിർമ്മാണ പ്രവൃത്തി തടസ്സപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>ചന്ദനമരങ്ങളുടെ സംരക്ഷണം</u>

*784 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ. രാധാകൃഷ്ണൻ
,, ബി. സത്യൻ
,, പി. റ്റി. എ റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചന്ദനമരങ്ങളുടെ മോഷണം തടയുന്നതിനും അവയുടെ സംരക്ഷണത്തിനുമായി എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) സർക്കാരിന്റെ ആഭിമുഖ്യത്തിൽ ചന്ദനഫാക്ടറി തുടങ്ങുവാൻ എന്തെങ്കിലും നിർദ്ദേശം ഇപ്പോൾ പരിഗണനയിലുണ്ടോ; എങ്കിൽ ഇതിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ചന്ദനമരങ്ങൾ മോഷണം പോയതായി റിപ്പോർട്ടു ചെയ്തിട്ടുണ്ട്; ഇതിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.07.2012–ലെ മറുപടിക്ക്

ബസ്സിന്റെ സർവ്വീസ് കാലാവധി

*785 ശ്രീ. മുല്ലക്കര രത്നാകരൻ
,, ഇ. ചന്ദ്രശേഖരൻ
,, കെ. രാജു
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന നിയമപ്രകാരം ഒരു ബസ്സ് എത്ര കാലംവരെ സർവ്വീസ് നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിലവിൽ ശരാശരി എത്ര വർഷംവരെ സർവ്വീസ് നടത്താൻ ഉപയോഗിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) കെ.എസ്.ആർ.ടി.സി.ക്ക് പഴക്കം ചെന്ന ബസ്സുകൾ റോഡിൽ നിന്നും പിൻവലിക്കേണ്ടതായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ബസ്സുകൾ ; ഇവ എന്ന് പിൻവലിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>കൈത്തറി നെയ്ത്ത് തൊഴിലാളി കടാശ്വാസ നിയമം</u>

*786 ശ്രീ. കെ. അച്ചുതൻ
,, പി.സി വിഷ്ണുനാഥ്
,, ആർ. സെൽവരാജ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈത്തറി നെയ്ത്തു മേഖലയിലെ വ്യവസായ പ്രതിസന്ധിക്കും തൊഴിലില്ലായ്മക്കും പരിഹാരം കാണുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ബി) ഇവർക്കായി കേന്ദ്ര ടെക്സ്റ്റയിൽ മന്ത്രാലയം പ്രഖ്യാപിച്ച കടാശ്വാസ നിയമത്തിലെ അപാകതകൾ മൂലം അർഹരായവർക്ക് ആനുകൂല്യം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) നെയ്ത്തുകാരെ കടക്കെണിയിൽ നിന്നും രക്ഷിക്കുന്ന പദ്ധതിയിൽ ബാങ്കുകളെ കൂടാതെ വിവിധ സർക്കാർ ഏജൻസികൾ നൽകിയിട്ടുള്ള വായ്പകൾ കൂടി ഉൾപ്പെടുത്തി നിയമം ഭേദഗതി ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

പാട്ടക്കരാർ ലംഘിച്ച എസ്റ്റേറ്റുകൾ ഏറ്റെടുക്കൽ

*787 ശ്രീ. എം. ചന്ദ്രൻ
,, ഇ. പി. ജയരാജൻ
ശ്രീമതി കെ. എസ്. സലീഖ
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാട്ടക്കരാർ ലംഘിച്ച എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതുമായും കൃഷിക്കാരുമായും ബന്ധപ്പെട്ട ഏതെല്ലാം കാര്യങ്ങളിലാണ് സർക്കാർ യു.ഡി.എഫ് കമ്മിറ്റിയുടെ തീരുമാനം കാത്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) യു.ഡി.എഫ് തീരുമാനത്തിന് വിധേയമായി ഏറ്റെടുക്കൽ സംബന്ധിച്ച നിലവിലുള്ള നിലപാടിൽ മാറ്റം പ്രതീക്ഷിക്കാമോ; വിശദമാക്കാമോ;

(സി) യു.ഡി.എഫ് തീരുമാനം കോടതികളിലും ട്രൈബ്യൂണലിന് മുമ്പാകെയും നിലവിലുള്ള കേസുകൾക്ക് ബാധകമായിരിക്കുമോ?

# കേരള നിയമസഭ
# 24.07.2012–ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. യുടെ പ്രതിദിന നഷ്ടം</u>

*788 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, എളമരം കരീം
,, വി. ശിവൻകുട്ടി
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി 1**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യുടെ പ്രതിദിന നഷ്ടം എത്ര കോടി രൂപയാണ്; കഴിഞ്ഞ വർഷത്തെ പ്രതിദിന നഷ്ടം എത്രയായിരുന്നു;

(ബി) പ്രതിദിന നഷ്ടത്തിനുളള കാരണങ്ങൾ എന്തൊക്കെയാണ്; ബസ്സുകൾ കട്ടപ്പുറത്തിരിക്കുന്നത് പ്രതിദിന നഷ്ടത്തിന്റെ പ്രധാന കാരണമായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു;

(സി) കെ. എസ്. ആർ. ടി.സി. യുടെ നഷ്ടം കൂടുമ്പോഴും പോലീസുകാർക്ക് സൗജന്യയാത്ര നൽകുന്ന കാര്യം ആലോചിക്കുകയാണെന്ന പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി യുടെ കീഴിലുള്ള ബസ്സുകൾക്കും യാത്രക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ</u>

*789 ശ്രീ. ചിറ്റയം ഗോപകുമാർ
,, സി. ദിവാകരൻ
ശ്രീമതി ഗീതാഗോപി
ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ കീഴിലുള്ള സർവ്വീസ് യോഗ്യമായ എല്ലാ ബസ്സുകൾക്കും യാത്രക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ബസ്സുകൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്;

(സി) എല്ലാ ബസ്സുകൾക്കും ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തുന്നതിനും ഇൻഷ്വർ ചെയ്ത കമ്പനിയുടെ പേര് ബസ്സുകളിൽ പ്രദർശിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 24.07.2012–ലെ മറുപടിക്ക്

ഇൻകെലിന്റെ കൈവശമുള്ള ഭൂമിയിൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട്

*790 ശ്രീമതി കെ. കെ. ലതിക
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ. വി. അബ്ദുൾ ഖാദർ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻകെലിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇൻകെൽ ഇപ്പോൾ ഏറ്റെടുത്തു നടത്തുന്ന പ്രവർത്തനങ്ങൾ എവിടെയെല്ലാമാണ്;

(ബി) ഇൻകെലിന്റെ മൊത്തം ഷെയറുകളിൽ സർക്കാർ പങ്കാളിത്തം കുറയ്ക്കാനുദ്ദേശമുണ്ടോയെന്നും സ്വകാര്യ പങ്കാളിത്തം വർദ്ധിപ്പിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) ഇൻകെലിന്റെ കൈവശം ഇപ്പോൾ ലഭ്യമായ ഭൂമി ഏതെല്ലാം പ്രദേശങ്ങളിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) മലപ്പുറത്ത് ഇൻകെലിന്റെ കൈവശമുള്ള ഭൂമിയിൽ ഒരു കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുള്ള നിർദ്ദേശം നിലവിലുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ഇ) എങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇൻകെലിന്റെ മറ്റ് സ്ഥലങ്ങളിലുള്ള ഭൂമിയിൽ ഇപ്രകാരമുള്ള എന്തെങ്കിലും പദ്ധതികൾ തുടങ്ങാനുള്ള നിർദ്ദേശം നിലവിലുണ്ടോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>ചീമേനി പ്രകൃതി വാതക നിലയം</u>

*791 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, സി. കൃഷ്ണൻ
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ചീമേനി പ്രകൃതി വാതക നിലയത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കാവശ്യമായ പ്രകൃതിവാതകം ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുളളത്;

(സി) ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് പ്രസ്തുത പദ്ധതിയെ ദോഷകരമായി ബാധിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>സ്പീഡ് ഗവര്‍ണര്‍</u>

*792

ശ്രീ. ജോസ് തെറ്റയില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എത്ര ടണ്ണില്‍ കൂടുതല്‍ ഗ്രോസ്സ് വെയിറ്റ് ഉള്ള വാഹനങ്ങള്‍ക്കാണ് സ്പീഡ് ഗവര്‍ണ്ണര്‍ ഘടിപ്പിക്കാന്‍ നിര്‍ദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇവ കൃത്യമായി പ്രവര്‍ത്തിക്കുന്നുണ്ടോ എന്നറിയാന്‍ എന്ത് സംവിധാനമാണ് നിലവില്‍ ഉള്ളത്;

(ബി) സ്പീഡ് ഗവര്‍ണറുകള്‍ സേഫ്റ്റി കാറ്റഗറിയില്‍പ്പെടുന്നവയായതിനാല്‍ അവ ഉല്പാദിപ്പിച്ച കമ്പനികളില്‍ അല്ലാതെ അംഗീകാരമില്ലാത്ത വര്‍ക്ക്ഷോപ്പുകളില്‍ റിപ്പയര്‍ ചെയ്യുന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) ഓരോ കമ്പനിയുടെ സ്പീഡ് ഗവര്‍ണറിനും സാങ്കേതിക വിദ്യ വ്യത്യസ്ഥമായതിനാല്‍ ഘടിപ്പിച്ചിട്ടുണ്ടെന്നല്ലാതെ പ്രവര്‍ത്തിക്കുന്നുണ്ടോ എന്ന് ആര്‍. ടി. ഓഫീസുകളില്‍ പരിശോധിക്കാന്‍ കഴിയുന്നില്ല എന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഇതിന്മേല്‍ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ഡി) സ്പീഡ് ഗവര്‍ണ്ണറുകള്‍ പ്രവര്‍ത്തിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാന്‍ അംഗീകൃത സ്ഥാപനങ്ങള്‍ തുടങ്ങുവാന്‍ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**24.07.2012-ലെ മറുപടിക്ക്**

<u>കശുമാവ് കൃഷി വികസന ഏജൻസി</u>

*793 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, പി. കെ. ഗുരുദാസൻ
,, കെ. ദാസൻ
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കശുമാവ് കൃഷി വികസിപ്പിക്കുന്നതിനായി ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിരുന്നോ; എങ്കിൽ ഇതിനായി എന്ത് തുക അനുവദിച്ചു;

(സി) കശുമാവുകൃഷി വികസനത്തിനായി രൂപീകരിച്ച ഏജൻസിയുടെ പ്രവർത്തനഫലമായി എത്ര സ്ഥലത്ത് കൂടുതലായി കൃഷിചെയ്യാനായിട്ടുണ്ട്?

# കേരള നിയമസഭ
# 24.07.2012–ലെ മറുപടിക്ക്

<u>സഹകരണ വിജിലൻസ് വിഭാഗത്തിന്റെ ഘടനയും പ്രവർത്തനങ്ങളും</u>

*794 ശ്രീ. സുരേഷ് കുറുപ്പ്
,, പുരുഷൻ കടലുണ്ടി
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും **മലിനീകരണ നിയന്ത്രണവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സഹകരണ വിജിലൻസ് വിഭാഗത്തിന്റെ ഘടനയും പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സഹകരണ വിജിലൻസ് വിഭാഗത്തിൽ ഇപ്പോൾ എത്ര ജീവനക്കാരാണ് ഉള്ളതെന്നും എത്ര വേക്കൻസികൾ നികത്താനുണ്ടെന്നും വിശദമാക്കാമോ;

(സി) വിജിലൻസ് വിഭാഗത്തിന്റെ തലവൻ ഉൾപ്പെടെയുള്ള തസ്തികകളിൽ ആളെ നിയമിക്കാതിരിക്കാനുള്ള കാരണം വിശദീകരിക്കാമോ;

(ഡി) ജീവനക്കാരുടെ അഭാവം കാരണം ഈ സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>പാട്ടവ്യവസ്ഥകള്‍ ലംഘിച്ച എസ്റ്റേറ്റുകള്‍</u>

*795 ശ്രീ. വി. ശിവന്‍കുട്ടി
,, എം. എ. ബേബി
,, ജെയിംസ് മാത്യു
,, കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ വക എസ്റ്റേറ്റുകള്‍ പാട്ടത്തിനെടുത്തവര്‍ പാട്ട ക്കരാര്‍ വ്യവസ്ഥകള്‍ ലംഘിച്ചാല്‍ അവ ഏറ്റെടുക്കുന്നത് സംബന്ധിച്ച സര്‍ക്കാര്‍ നയം എന്താണെന്ന് വിശദമാക്കാ മോ;

(ബി) നിലവില്‍ വനം വകുപ്പ് ഏതെല്ലാം ഭൂമികള്‍ പാട്ടത്തിന് നല്‍കിയിട്ടുണ്ട്; പാട്ട വ്യവസ്ഥകള്‍ ലംഘിച്ചതിനെ തുടര്‍ന്ന് എത്ര എസ്റ്റേറ്റുകള്‍ ഇതിനകം ഏറ്റെടുക്കാന്‍ ഉത്തരവിറക്കിയിട്ടുണ്ട്; ഏതെല്ലാം ഏറ്റെടുക്കല്‍ നടപ ടികള്‍ക്ക് ഏതെല്ലാം കോടതികള്‍ സ്റ്റേ നല്‍കുകയുണ്ടാ യി; ഇപ്പോഴും കേസുകളില്‍പ്പെട്ടവ ഏതൊക്കെ;

(സി) ഏറ്റെടുക്കല്‍ നടപടികള്‍ക്കെതിരെ വന്ന ഏതെല്ലാം കേസുകളില്‍ സര്‍ക്കാരിന് അനുകൂലമായി വിധിയു ണ്ടായി; വിശദാംശങ്ങള്‍ വെളിപ്പെടുത്താമോ;

(ഡി) ഏറ്റെടുക്കല്‍ നടപടികള്‍ക്കെതിരെ ട്രൈബ്യൂണലില്‍ ഏതെങ്കിലും കേസ് നിലവിലുണ്ടോ. എങ്കില്‍ ഏവ; വിശദാംശങ്ങള്‍ വെളിപ്പെടുത്താമോ; പ്രസ്തുത കേസുകളില്‍ സര്‍ക്കാര്‍ സ്വീകരിച്ച നിലപാട് എന്താ ണ്;

(ഇ) ഇത്തരം കേസുകളില്‍ സര്‍ക്കാര്‍ സ്വീകരിച്ചുവന്ന നില പാടില്‍ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; വ്യ ക്തമാക്കാമോ?

# കേരള നിയമസഭ
# 24.07.2012–ലെ മറുപടിക്ക്

<u>സാംസ്കാരിക ക്ഷേമനിധിയുടെ പ്രവര്‍ത്തനങ്ങള്‍</u>

T*796 ശ്രീ. പുരുഷന്‍ കടലുണ്ടി
,, ജി. സുധാകരന്‍
,, എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സാംസ്കാരിക ക്ഷേമനിധിയില്‍ ഏതെല്ലാം വിഭാഗത്തില്‍പ്പെട്ട കലാകാരന്മാരെയാണ് ഉള്‍പ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം ഏതെങ്കിലും വിഭാഗത്തെ ഉള്‍പ്പെടുത്തുകയോ ഒഴിവാക്കുകയോ ചെയ്തിട്ടുണ്ടോ;

(സി) എങ്കില്‍ ഏതെല്ലാമെന്നും എന്തുകൊണ്ടാണെന്നും വിശദമാക്കുമോ;

(ഡി) സാംസ്കാരിക ക്ഷേമനിധിയുടെ പ്രവര്‍ത്തനങ്ങള്‍ കാര്യക്ഷമമാക്കുന്നതിനായി ബഡ്ജറ്റില്‍ എന്ത് തുക നീക്കിവച്ചിട്ടുണ്ടെന്നും ഇതുവരെ എന്ത് തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രിബ്യൂണലിൽ</u>
<u>കെ.എസ്.ആർ.ടി.സി.യുടെ കേസുകൾ</u>

*797 ശ്രീ. എ. എം. ആരീഫ്
,, കോടിയേരി ബാലകൃഷ്ണൻ
,, കെ. കെ. നാരായണൻ
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രിബ്യൂണലിൽ കെ.എസ്.ആർ.ടി.സി.യുടെ കേസുകൾ നടത്തുന്നതിനായി അഭിഭാഷകരെ നിയോഗിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ട്രിബ്യൂണലിൽ എത്ര റൂട്ട് കേസുകളാണ് കഴിഞ്ഞ വർഷം പരിഗണനയ്ക്കു വന്നത്;

(സി) പരിഗണനയ്ക്ക് വന്ന കേസുകളിൽ കെ.എസ്.ആർ.ടി.സി. അഭിഭാഷകനായി നിശ്ചയിച്ചത് ആരെയായിരുന്നു; അദ്ദേഹത്തിനുള്ള യോഗ്യതകൾ എന്തെല്ലാമായിരുന്നു;

(ഡി) അഭിഭാഷകന്റെ അസാന്നിദ്ധ്യമാണ് പരിഗണിച്ച 89 കേസുകളിലും തോല്ക്കാനുള്ള കാരണം എന്നു കാണിച്ച് കെ.എസ്.ആർ.ടി.സി.യുടെ ലെയ്സൺ ഓഫീസർ കത്തെഴുതിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>റിന്യൂവബിൾ എനർജി സ്രോതസ്സുകൾ</u>

*798 ശ്രീ. എം. ഉമ്മർ
,, എം. പി. അബ്ദുസ്സമദ് സമദാനി
,, കെ. എം. ഷാജി
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റിന്യൂവബിൾ എനർജി സ്രോതസ്സുകളെ സംബന്ധിച്ച വിവരശേഖരണത്തിനും, പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുമുള്ള സംസ്ഥാനതല ചുമതല വഹിക്കുന്നത് ഏതെല്ലാം ഏജൻസികളാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഏജൻസികൾ ഇക്കാര്യത്തിൽ ശേഖരിച്ച വിവരങ്ങളിൽ നിന്നുള്ള പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഏതൊക്കെ പദ്ധതികൾക്ക് രൂപം നല്കിയിട്ടുണ്ടെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥയെന്തെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>ടൈം ഓഫ് ഡേ മീറ്റര്‍</u>

*799 ശ്രീ. എം. എ. ബേബി
,, പി. കെ. ഗുരുദാസന്‍
,, രാജു എബ്രഹാം
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി ഉപഭോക്താക്കള്‍ക്ക് ടൈം ഓഫ് ഡേ മീറ്റര്‍ നല്കാന്‍ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ ഇതിന് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്‍ അനുമതി നല്കിയിട്ടുണ്ടോ;

(സി) ടി. ഒ. ഡി. മീറ്ററുകള്‍ സ്ഥാപിക്കുന്നതുകൊണ്ടുള്ള പ്രയോജനങ്ങള്‍ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളില്‍ പ്രസ്തുത മീറ്റര്‍ നിര്‍മ്മിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ;

(ഇ) ഉണ്ടെങ്കില്‍ ഇവിടങ്ങളില്‍ ഈ മീറ്റര്‍ നിര്‍മ്മിക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം നല്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) ടി. ഒ. ഡി മീറ്റര്‍ വാങ്ങുന്ന നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കില്‍ വിശദാംശം നല്കാമോ ?

# കേരള നിയമസഭ
## 24.07.2012–ലെ മറുപടിക്ക്

<u>കായികതാരങ്ങൾക്ക് ഉന്നത നിലവാരത്തിലുള്ള പരിശീലനം</u>

*800 ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ സീനിയർ അത്‌ലറ്റിക് മീറ്റിലെ സംസ്ഥാന കായികതാരങ്ങളുടെ പ്രകടനം ശ്രദ്ധയിൽപ്പെട്ടിരുന്നോ ; എങ്കിൽ അത് എത്രത്തോളം തൃപ്തികരമായിരുന്നു ; വിശദാംശങ്ങൾ നല്കുമോ ;

(ബി) കായിക താരങ്ങൾക്ക് നല്കുന്ന പരിശീലനം കുറ്റമറ്റതും ഉന്നത നിലവാരം പുലർത്തുന്നതുമാക്കുന്നതിന് നിലവിലുള്ള സംവിധാനത്തിൽ സമഗ്രമായ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>പട്ടുനൂൽ വ്യവസായത്തിന് പ്രോൽസാഹനം</u>

*801 ശ്രീ. കെ. അജിത്
,, വി. എസ്. സുനിൽ കുമാർ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടുനൂൽ വ്യവസായം പ്രോത്സാഹിപ്പിക്കാൻ ഉതകുന്ന എന്തെല്ലാം പദ്ധതികളാണ് ഈ ഗവൺമെന്റ് അധികാരമേറ്റശേഷം ആവിഷ്കരിച്ച് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കൊക്കൂൺ വാങ്ങൽ, കൊക്കൂൺ റീലിംഗ്, സിൽക്ക് നൂലുകളുടെ ഉല്പാദനം, വസ്ത്ര നിർമ്മാണം എന്നിവയ്ക്കായി എന്തെങ്കിലും പദ്ധതികളുണ്ടോയെന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>കൺസ്യൂമർ ഫെഡ് മെഡിക്കൽ സ്റ്റോറുകൾ</u>

*802 ശ്രീ. എം.എ. വാഹീദ്
,, ബെന്നി ബെഹനാൻ
,, കെ.ശിവദാസൻ നായർ
,, ഐ.സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൺസ്യൂമർ ഫെഡ് മെഡിക്കൽ സ്റ്റോറുകൾ നേരിട്ട് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എല്ലാ പഞ്ചായത്തുകളിലും സഹകരണ സംഘങ്ങൾ വഴി മെഡിക്കൽ സ്റ്റോറുകൾ നടത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 24.07.2012–ലെ മറുപടിക്ക്

കൂടംകുളത്തുനിന്ന് കേരളത്തിലേക്ക് വൈദ്യുതി

*803 ശ്രീ. എ.കെ. ബാലൻ
,, കെ. സുരേഷ് കുറുപ്പ്
,, ആർ. രാജേഷ്
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൂടംകുളത്തുനിന്ന് കേരളത്തിലേക്ക് വൈദ്യുതി ലഭിക്കുന്നതിനുള്ള 400 കെ.വി. പവർ ഹൈവേയുടെ പ്രവർത്തനങ്ങൾ സ്തംഭനത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൂടംകുളത്തുനിന്നും കേരളത്തിലേക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള ഇടമൺ–കൊച്ചി റൂട്ടിൽ ഇപ്പോൾ എന്ത് പ്രവർത്തനമാണ് നടക്കുന്നത്;

(സി) പ്രസ്തുത റൂട്ട് മാറ്റുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ;

(ഡി) നിർദ്ദിഷ്ട റൂട്ടിന് പകരം ഫലപ്രദമായ മറ്റ് റൂട്ടുകളില്ല എന്ന പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത്തരം പഠനങ്ങൾ അവഗണിച്ചുകൊണ്ടുള്ള നടപടികൾമൂലം പദ്ധതി ഉപേക്ഷിക്കേണ്ട സ്ഥിതി ഉണ്ടാകുമോ?

# കേരള നിയമസഭ
## 24.07.2012–ലെ മറുപടിക്ക്

<u>അനധികൃത കരിങ്കൽ ഖനനം</u>

T *804 ശ്രീ. സി. കൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, ബി. ഡി. ദേവസ്സി
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാപകമായി നടക്കുന്ന അനധികൃത കരിങ്കൽ ഖനനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാർ പുറമ്പോക്കുകളിൽ ഖനനം നടക്കുന്നുണ്ടോ; എന്തെല്ലാം ആവശ്യങ്ങൾക്കാണ് ഖനനം നടന്നുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) അനധികൃത ഖനനത്തിന് ക്വാറി മാഫിയകൾക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പാറഖനനം സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് സർവകക്ഷിയോഗം വിളിച്ചിരുന്നോ; എങ്കിൽ യോഗ തീരുമാനം എന്തായിരുന്നു; ഇത് നടപ്പിലാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് ധനസഹായം</u>

*805 ശ്രീ. വി.ഡി. സതീശൻ
,, ഹൈബി ഈഡൻ
,, വർക്കല കഹാർ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് എന്തെല്ലാം ധനസഹായങ്ങളാണ് നൽകിവരുന്നത്; വിശദമാക്കുമോ;

(ബി) ധനസഹായങ്ങൾ വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എങ്കിൽ എന്ന് മുതലാണ് വർദ്ധിച്ച ധനസഹായത്തിന് പ്രാബല്യം നൽകുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>ഊർജ്ജ കമ്മീഷൻ ശുപാർശ</u>

*806 ശ്രീ. സി. ദിവാകരൻ
,, വി. ശശി
,, കെ. രാജു
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപയോഗം പരിമിതപ്പെടുത്താത്ത സംസ്ഥാനങ്ങൾക്ക് കേന്ദ്ര വൈദ്യുതി വിഹിതം കുറയ്ക്കണമെന്ന് ഊർജ്ജ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ദൈനംദിന ആവശ്യങ്ങൾക്കു പോലും വൈദ്യുതി കണ്ടെത്താൻ കഴിയാതിരിക്കുന്ന കേരളത്തിന് വൈദ്യുതി ഉപയോഗം പരിമിതപ്പെടുത്താൻ കഴിയുമോ ; വ്യക്തമാക്കുമോ ;

(ബി) അടുത്ത മൂന്ന് വർഷത്തിനുള്ളിൽ പൂർത്തിയാകാനുള്ള പുതിയ വൈദ്യുത പദ്ധതികളേതെങ്കിലും സംസ്ഥാനത്തുണ്ടോ ;

(സി) കൊച്ചിമെട്രോ, വിഴിഞ്ഞം തുറമുഖം ഒന്നാം ഘട്ടം, സ്മാർട്ട് സിറ്റി, ടെക്നോ സിറ്റി തുടങ്ങിയ പദ്ധതികൾക്കായി പ്രതിവർഷം എത്ര യൂണിറ്റ് വൈദ്യുതി അധികമായി കണ്ടെത്തേണ്ടി വരും ; ഇത്രയും വൈദ്യുതി എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>വനഭൂമിയുടെ സർവ്വെ</u>

*807 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, സി. മമ്മൂട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനഭൂമിയുടെ വിശദമായ സർവ്വെ നടത്തി അതിരുകൾ അടിയാളപ്പെടുത്തി വിശദമായ സ്കെച്ചും പ്ലാനും തയ്യാറാക്കുന്നതിന് സമഗ്രമായ ഒരു പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) കാലാകാലങ്ങളിലെ കൈയേറ്റങ്ങളും തുടർന്നുള്ള അവകാശത്തർക്കങ്ങളും മൂലം സ്വാഭാവികവനം, നിക്ഷിപ്തവനം, പ്രത്യേക ജൈവ വനമേഖല, പ്ലാന്റേഷൻ വനമേഖല എന്നിവയുടെ കൃത്യമായ വിസ്തൃതിയും അതിർത്തികളും തിരിച്ചറിയാനാകാത്ത സാഹചര്യത്തിൽ, ആധുനികസാങ്കേതിക വിദ്യകളുടെ സഹായത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കുമോ ;

(സി) വനമേഖലയ്ക്കുള്ളിലെ ജനവാസകേന്ദ്രങ്ങളുടെ വിസ്തൃതിയും ഇതോടൊപ്പം നിർണ്ണയിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.07.2012–ലെ മറുപടിക്ക്

<u>വ്യവസായ സ്ഥാപനങ്ങളിലെ ഇടപാടുകളിൽ സുതാര്യത</u>

*808 ശ്രീ. ജോസഫ് വാഴക്കൻ
,, ബെന്നി ബഹനാൻ
,, സണ്ണി ജോസഫ്
,, വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ സ്ഥാപനങ്ങളിലെ മുഴുവൻ ഇടപാടു കളിലും സുതാര്യത ഉറപ്പാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ സവിശേഷതകൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ഏതെങ്കിലും സ്ഥാപനത്തിൽ നടപ്പാക്കിയി ട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) എല്ലാ വ്യവസായ സ്ഥാപനങ്ങളിലും ഈ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം ആലോചിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>രാജധാനി ബസ് സർവ്വീസുകൾ</u>

*809 ശ്രീ. എ.റ്റി. ജോർജ്
,, ഷാഫി പറമ്പിൽ
,, ഹൈബി ഈഡൻ
,, പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി നടത്തുന്ന രാജധാനി ബസ്സ് സർവ്വീസുകളുടെ സവിശേഷതകളും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദമാക്കുമോ;

(ബി) എവിടെയെല്ലാമാണ് രാജധാനി ബസ്സ് സർവ്വീസ് നടത്തുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ സർവ്വീസുകൾ ലാഭകരമായിട്ടാണോ ഓപ്പറേറ്റ് ചെയ്യുന്നത്; വിശദമാക്കുമോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത സർവ്വീസുകൾ റീ ഷെഡ്യൂൾ ചെയ്ത് ലാഭകരമാക്കാനും യാത്രക്കാർക്ക് പ്രയോജനപ്രദമാക്കാനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>ത്രിവേണി ഗസ്റ്റ് ഹൗസുകള്‍</u>

*810 ശ്രീ. വി. റ്റി. ബല്‍റാം
,, ആര്‍. സെല്‍വരാജ്
,, അന്‍വര്‍ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ടൂറിസം കേന്ദ്രങ്ങളിലും തീര്‍ത്ഥാടന കേന്ദ്രങ്ങളിലും ത്രിവേണി ഗസ്റ്റ് ഹൗസുകള്‍ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ബി) ആദ്യ ഘട്ടത്തില്‍ എവിടെയൊക്കെയാണ് ഇത്തരം ഗസ്റ്റ് ഹൗസുകള്‍ ആരംഭിക്കുന്നത് ; വിശദാംശങ്ങള്‍ എന്തെല്ലാം ;

(സി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരന്‍,
തിരുവനന്തപുരം സെക്രട്ടറി - ഇന്‍ - ചാര്‍ജ്
2012 ജൂലൈ 15.

“T” ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.

കേരള നിയമസഭ

24.07.2012–ലെ മറുപടിക്ക്